# സ്വർഗ്ഗത്തിലെ നമ്മുടെ അമ്മ

ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്

പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണമെന്ന മഹാ രഹസ്യത്തെ ഭക്ത്യാദര പൂർവം നാം ആചരിച്ചുവരുന്നു (ആഗസ്റ്റ് 15). മനുഷ്യാവതാരം എന്നാൽ ദൈവത്തിന് മനുഷ്യരോട് എത്ര മാത്രം അടുക്കാൻ കഴിയും എന്നതായിരുന്നു എങ്കിൽ സ്വർഗ്ഗാരോപണം എന്നത് മനുഷ്യന് ദൈവത്തോട് എത്രമാത്രം അടുക്കാൻ കഴിയും എന്നതാണ്.

പൗരസ്ത്യ സഭയിൽ ആറാം നൂറ്റാണ്ടുമുതൽതന്നെ മറിയത്തിന്റെ നിദ്ര (Dormition) ഒരു പാരമ്പര്യമായി ആചരിച്ചിരുന്നു. കാലക്രമേണ ഈ ആചാരം പാശ്ചാത്യസഭയിലേക്ക് വ്യാപിക്കാൻ തുടങ്ങിയപ്പോൾ, മറിയത്തിന്റെ നിദ്ര എന്നതിനു പകരം മറിയത്തിന്റെ സ്വർഗ്ഗാരോപണം എന്ന് അറിയപ്പെടാൻ തുടങ്ങി. പതിമൂന്നാം നൂറ്റാണ്ടോടെ കത്തോലിക്കാ ദൈവശാസ്ത്രജ്ഞരിൽ ഭൂരിഭാഗവും മറിയത്തിന്റെ സ്വർഗ്ഗാരോപണത്തെ അംഗീകരിച്ചു. 1950 നവംബർ 1ന് പീയൂസ് 12ാമൻ മാർപാപ്പ മറിയത്തിന്റെ സ്വർഗ്ഗാരോപണ രഹസ്യത്തെ ഒരു വിശ്വാസസത്യമായി 'മ്യൂനിഫിസെന്റിസ്മസ് ഡേവൂസ്' (MunificentissimusDeus) എന്ന ശ്ലൈഹിക തിരുവെഴുത്തിലൂടെ പ്രഖ്യാപിച്ചു. 'ജന്മപാപത്തിന്റെ എല്ലാ കറകളിൽ നിന്നും സ്വതന്ത്രയായിരുന്ന നിർമ്മല കന്യക ഈ ലോകവാസത്തിന്റെ അവസാനത്തിൽ ആത്മശരീരങ്ങളോടെ സ്വർഗ്ഗീയ മഹത്വത്തിലേക്ക് ആവഹിക്കപ്പെട്ടു.'

ശരീരത്തോടും ആത്മാവോടും കൂടിയുള്ള എടുക്കപ്പെടലുകൾ വി. ഗ്രന്ഥത്തിൽ പല സ്ഥലങ്ങളിലും നമുക്കു കാണാം. ''ഹെനോക്ക് ദൈവത്തിന് പ്രിയങ്കരനായി ജീവിച്ചു. പിന്നെ അവനെ കണ്ടിട്ടില്ല; ദൈവം അവനെ എടുത്തു'' (ഉൽപ. 5: 24, പ്രഭാഷകൻ 44: 16 ഹെബ്രാ 11: 5). ''അവർ സംസാരിച്ചുകൊണ്ടു പോകുമ്പോൾ അതാ ഒരു ആഗ്നേയ രഥവും, ആഗ്നേയാശ്വങ്ങളും അവരെ വേർപെടുത്തി. ഏലിയാ ഒരു ചുഴലിക്കാറ്റിൽ സ്വർഗ്ഗത്തിലേക്കുയർന്നു'' (2 രാജാ 2: 11). വിശ്വാസം മൂലം ഹെനോക്ക് സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുകയും ഏലിയ മരണം കാണാതെ സം വഹിക്കപ്പെടുകയും ചെയ്തു. എങ്കിൽ കർത്താവ് അരുളിചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ച് ഭാഗ്യവതിയായ മറിയം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുക എന്നത് എത്രയോ യുക്തമാണ്.

ദൈവമാതാവാകാൻ മുൻകൂട്ടി തിരഞ്ഞെടുത്ത ഈ കന്യകയെ അതിന്റെ ദാനങ്ങളാൽ അലങ്കരിച്ച ദൈവം സ്വർഗ്ഗാരോപണം എന്ന വിശിഷ്ട ദാനം കൂടി അവിടുത്തേക്ക് നൽകാതിരിക്കുമോ? 'പിതാവായ ദൈവത്തിന്റെ ഓമൽ കുമാരിയും പുത്രനായ ദൈവത്തിന്റെ മാതാവും പരിശുദ്ധാത്മാവായ ദൈവത്തിന്റെ നിർമ്മല മണവാട്ടിയുമായ പരിശുദ്ധ കന്യകയു ടെ തിരുശരീരം മറ്റു മനുഷ്യരുടേതു പോലെ കൃമികൾക്ക് ആഹാരമായി തീരുന്നത് ദൈവമഹത്വത്തിന് യോജിച്ചതല്ല'. (ആഗസ്തീനോസ് എ.ഡി. 354-430).

വിശുദ്ധ ഗ്രന്ഥത്തിൽ മറിയത്തിന്റെ സ്വർഗ്ഗാരോപണത്തെക്കുറിച്ച് പ്രത്യക്ഷമായ പ്രതിപാദനം ഇല്ലെങ്കിലും, കത്തോലിക്കാസഭ വി. ഗ്രന്ഥത്തിനു കൊടുക്കുന്ന അതേ സ്ഥാനം വിശ്വാസ പാരമ്പര്യത്തിനും കൊടുക്കുന്നു എന്ന വസ്തുതയാണ് ഈ വിശ്വാസത്തിൽ പ്രത്യക്ഷമായി ഉറച്ചു നിൽക്കാൻ സഭാമക്കളെ പ്രേരിപ്പിക്കുന്നത്. ''അതിനാൽ സഹോദരങ്ങളെ, ഞങ്ങൾ വചനം മുഖേനയോ കത്തു മുഖേനയോ നിങ്ങളെ പഠിപ്പിച്ചിട്ടുള്ള പാരമ്പര്യങ്ങളെ മുറുകെപ്പിടിക്കുകയും അവയിൽ ഉറച്ചു നിൽക്കുകയും ചെയ്യുവിൻ'' (2 തെസ. 2: 15). മറിയം ആത്മാവോടും ശരീരത്തോടും കൂടി സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്നുതന്നെയാണ് അപ്പസ്തോലിക പാരമ്പര്യം പറയുന്നത്. അപ്പസ്തോലന്മാർ പഠിപ്പിച്ചതും അന്നു മുതലേ സാർത്രിക സഭയിൽ വിശ്വസിച്ചിരുന്നതുമായ ഒരു സത്യമാണ് മറിയത്തിന്റെ സ്വർഗ്ഗാരോപണം.

അമലോത്ഭവയും നിത്യകന്യകയും നിർമ്മലയുമായ ദൈവമാതാവിനെ ശരീരത്തോടും ആത്മാവോടും കൂടെ ദൈവം സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോയി എന്നുള്ള സത്യം ഉചിതവും വിശ്വാസയോഗ്യവുമാണ്.

ഒന്നാം വത്തിക്കാൻ കൗസിലിൽ സമ്മേളിച്ച പിതാക്കന്മാർ മാതാവിന്റെ സ്വർഗ്ഗാരോപണം ഒരു വിശ്വാസസത്യമായി നിർവചിക്കണമെന്ന് ഒമ്പതാം പീയൂസ് മാർപ്പാപ്പയോട് അഭ്യർത്ഥിച്ചപ്പോൾ അതിന് അവർ ഉന്നയിച്ച കാരണങ്ങൾ താഴെ ചേർക്കുന്നു:

* ദൈവമാതാവെന്ന അവളുടെ ഉന്നതസ്ഥാനം
* അവളുടെ മഹനീയമായ കന്യാകാത്വം
* മാലാഖമാരെ അതിശയിപ്പിക്കുന്ന പരിശുദ്ധി
* ക്രിസ്തുവിനോടുണ്ടായിരുന്ന ഐക്യം
* പുത്രന് തന്റെ അമ്മയോടുള്ള സ്നേഹം

ക്രിസ്തുവിന്റെ പുനരുത്ഥാനത്തെ സൂചിപ്പിച്ചുകൊണ്ട് സങ്കീർത്തകൻ ആലപിച്ചു: ‘‘ അങ്ങയുടെ പരിശുദ്ധൻ ജീർണ്ണിക്കുവാൻ അനുവദിക്കുകയില്ല.’’ (സങ്കീ. 1610). ഈ വചനം പരി. കന്യാമറിയത്തിനും യോജിക്കുന്നതാണ്. മറിയത്തിന്റെ പരമമായ പുണ്യപരിശുദ്ധി അവളുടെ ശരീരത്തിന്റെ അനശ്വരതയ്ക്ക് കാരണമായി നിൽക്കുന്നു. ക്രിസ്തുനാഥൻ തന്റെ മാതാവിന്റെ ശരീരം ഭൂമിയിൽ അഴുകാൻ വിട്ടുകൊടുക്കുകയില്ല എന്ന വിശ്വാസമാണ് നമുക്ക് ആ ബലം നൽകുന്നത്. മാതാവിനെ സ്വർഗ്ഗത്തിലേക്ക് എടുത്തേ തരമുള്ളൂ. അപ്പസ്തോലന്മാർക്ക് അപ്പസ്തോലയാണവൾ, വേദസാക്ഷികൾക്ക് രാജ്ഞിയും. കാരണം അവൾ ആരെക്കാളും കൂടുതൽ സഹിച്ചവളാണ്. കന്യകമാർക്ക് അവൾ ഒരു കൈത്തിരിയായിത്തീർന്നു, വിവാഹിതർക്ക് ഒരു മാതൃക. ഇങ്ങനെ അതിരറ്റ ഗുണങ്ങളുള്ള മറിയം ക്രിസ്തുവിന്റെ രണ്ടാം വരവുവരെ കുഴിമാടത്തിൽ കിടക്കുവാൻ പാടില്ല. അവളുടെ ജീവിതം വ്യത്യസ്തമാണെങ്കിൽ അവളുടെ മരണവും വ്യത്യസ്തമായിരിക്കണം. (കർദ്ദിനാൾ ന്യൂമാൻ).

തെളിവുകളുടെ അടിസ്ഥാനത്തിൽ വിശ്വസിക്കേണ്ട ഒന്നല്ല മാതാവിന്റെ സ്വർഗ്ഗാരോപണം. എന്നാൽ ഒരു ക്രൈസ്തവന് ഉചിതമായ പ്രത്യശയിലാണ് നാം ശരണം പ്രാപിച്ചിരിക്കുന്നത്. തിബേരിയോസ് കടൽത്തീരത്ത് ഒരമ്മയെപ്പോലെ അത്താഴമൊരുക്കി കാത്തിരുന്ന ക്രിസ്തുനാഥൻ, എനിക്കായി ഒരുക്കിയിരിക്കുന്ന ഭവനത്തിൽ എനിക്ക് അമ്മയായി പരിശുദ്ധ കന്യകമറിയത്തെ ഒരുക്കിയിരിക്കുന്നു. അതിന്റെ മുന്നാസ്വാദനമാണ് കുരിശിൻ ചുവട്ടിലെ യോഹന്നാനിലൂടെ നാം അനുഭവിക്കുന്നത്. (യോഹ. 19: 27). ഇനി മുതൽ സ്വർഗ്ഗം ദൂരത്തെവിടെയോ ഉള്ള അജ്ഞാതമായ ഒന്നല്ല. അവിടെ നമുക്കൊരു അമ്മയുണ്ട്.

മറിയത്തെ സ്വർഗ്ഗീയ മഹത്വത്തിൽ ധ്യാനിക്കുന്നതു വഴി, ഈ ലോകം നമുക്ക് ശാശ്വതമായ ആലയമല്ല എന്ന സത്യം നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നു. സ്വർഗ്ഗത്തെ ലക്ഷ്യമാക്കിയുള്ള ജീവിതം, മറിയത്തെപ്പോലെ നമുക്ക് നിത്യാശ്വാസം നേടിത്തരും. ദൈനംദിന ജീവിതത്തിലെ താത്ക്കാലിക കഷ്ടപ്പാടുകൾ ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിന്റെ ശാന്തത നഷ്ടപ്പെടുത്തരുത്. ദൈവകൃപയാലും സഹനപൂർമായ ജീവിതചര്യയാലും നമുക്കും സ്വർഗ്ഗീയസമ്മാനം പ്രാപിക്കുവാൻ കഴിയും അതാണ് സ്വർഗ്ഗാരോപിതയായ കന്യക നമ്മെ പഠിപ്പിക്കുന്നത്.